ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 23.10.2024**

## പ്രധാനവാർത്തകൾ

1. റഷ്യയിൽ നടക്കുന്ന 16-ാമത് ബ്രിക്സ് ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും.
2. രാജ്യത്ത് ഡിജിറ്റൽ അടിസ്ഥാന സൗകര്യം ശക്തമാക്കിയതിലൂടെ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയാകാൻ ഇന്ത്യയ്ക്ക് സാധിച്ചതായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.
3. സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറുന്നു. മുന്നണികളുടെ മുതിർന്ന നേതാക്കൾ ഉൾപ്പെടെ രംഗത്ത് സജീവം.
4. സംസ്ഥാനത്ത് തെക്കൻ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
5. ഇന്ത്യ- ജർമ്മനി ഹോക്കി പരമ്പരയ്ക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം.

RNU TVPM

***********************************

## പ്രധാനമന്ത്രി - ചൈനീസ് പ്രസിഡന്റ്

റഷ്യയിലെ കസാനിൽ നടക്കുന്ന 16-ാമത് ബ്രിക്സ് ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. ഉച്ചകോടിയുടെ ഭാഗമായി ചൈനീസ് പ്രസിഡന്റ് ഷീ ജിൻ പിങ്ങുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ചയും നടത്തും. യഥാർത്ഥ നിയന്ത്രണ രേഖയ്ക്ക് സമീപമുള്ള പ്രദേശങ്ങളിലെ നിരീക്ഷണ ക്രമീകരണങ്ങൾ സംബന്ധിച്ച് ഇരു രാജ്യങ്ങളും ധാരണയിലെത്തിയതിനാൽ ഈ കൂടിക്കാഴ്ച നിർണായകമാണ്.

******************************************

## നിർമല സീതാരാമൻ-യുഎസ്എ

ഇന്ത്യയിലെ ഡിജിറ്റൽ അടിസ്ഥാനസൗകര്യം വളരെ ശക്തമാണെന്നും ഈ സൗകര്യം ജനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ടെന്നും കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ഇതിലൂടെ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയാകാൻ ഇന്ത്യയ്ക്ക് സാധിച്ചതായും കേന്ദ്ര ധനമന്ത്രി അഭിപ്രായപ്പെട്ടു. യുഎസ്എയിലെ പെൻസിൽവാനിയ സർവകലാശാലയിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്ര ധനമന്ത്രി. ഏറ്റവും മികച്ച സാമൂഹിക സുരക്ഷാ പദ്ധതികളിലൊന്നാണ് ഇന്ത്യയുടെ ആയുഷ്മാൻ ഭാരത് പദ്ധതിയെന്നും കേന്ദ്ര ധനമന്ത്രി പറഞ്ഞു.

RNUTVPM

******************************************

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി വെള്ളിയാഴ്ച അവസാനിക്കും. നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്, ചേലക്കര മണ്ഡലങ്ങളിലും മുന്നണികളുടെ പ്രചാരണ പരിപാടികൾ

ഊർജിതമായി തുടരുകയാണ്. ചേലക്കരയിൽ എൽഡിഎഫ് സ്ഥാനാർത്ഥി യു ആർ പ്രദീപ് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. യുഡിഫ് സ്ഥാനാർത്ഥി രമ്യ ഹരിദാസ്, NDA സ്ഥാനാർത്ഥി കെ. ബാലകൃഷ്ണൻ എന്നിവരും ഇന്ന് പത്രിക സമർപ്പിക്കും. അടുത്ത മാസം 13-നാണ് മൂന്നിടത്തും വോട്ടെടുപ്പ്.

********************************************

## വയനാട് - ഇലക്ഷൻ

വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിലെ UDF സ്ഥാനാർത്ഥി പ്രിയങ്ക ഗാന്ധി അല്പസമയത്തിനകം നാമനിർദ്ദേശപത്രിക സമർപ്പിക്കും. കൽപ്പറ്റയിൽ നിന്ന് ആരംഭിച്ച റോഡ് ഷോയ്ക്ക് ശേഷമാണ് പത്രിക സമർപ്പിക്കുന്നത്. കോൺഗ്രസ് നേതാക്കളായ രാഹുൽഗാന്ധി, മല്ലികാർജുന ഖാർഗെ, സോണിയ ഗാന്ധി ഉൾപ്പെടെയുള്ളവർ റോഡ് ഷോയിൽ പങ്കെടുക്കുന്നുണ്ട്. ഇടത് സ്ഥാനാർഥി സത്യൻ മൊകേരിയും എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസും നാളെ പത്രിക നൽകും.

RNU TVPM

********************************************

## നാമനിർദ്ദേശ പത്രികകൾ-പാലക്കാട് (ഇൻട്രോ)

ശക്തമായ ത്രികോണ മത്സരം നടക്കുന്ന പാലക്കാട് നിയമസഭാ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പ് പ്രചാരണ ഊർജ്ജിതമായി. മുന്നണി സ്ഥാനാർത്ഥികൾ ഇന്നും നാളെയുമായി നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....**

(വോയ്സ്)

********************************************

## ഐ എം എഫ്

നടപ്പു സാമ്പത്തിക വർഷം ഇന്ത്യയുടെ ആഭ്യന്തര ഉത്പാദന വളർച്ച ഏഴ് ശതമാനമായിരിക്കുമെന്ന് അന്താരാഷ്ട്ര നാണയ നിധിയുടെ പ്രവചനം. അടുത്ത സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ആഭ്യന്തര ഉത്പാദന വളർച്ച 6.5 ശതമാനമായിരിക്കുമെന്നും വേൾഡ് ഇക്കണോമിക് ഔട്ട്ലുക്കിൽ ഐഎംഎഫ് പ്രവചിച്ചു.

*********************************************

## മുഖ്യമന്ത്രി- ഉദ്ഘാടനം

തിരുവനന്തപുരം കേരള സർവ്വകലാശാല കാര്യവട്ടം ക്യാമ്പസിൽ പുതുതായി പണികഴിപ്പിച്ച രണ്ട് ഹോസ്റ്റലുകളുടെയും റീജനറേറ്റിവ് മെഡിസിൻ ആൻറ് സ്റ്റെം സെൽ ലബോറട്ടറി കെട്ടിടത്തിൻറെയും ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവ്വിക്കും. മന്ത്രി ആർ ബിന്ദു അധ്യക്ഷത വഹിക്കും. കിഫ്ബി പദ്ധതി വഴിയാണ് രണ്ട് ഹോസ്റ്റലുകളുടെയും നിർമ്മാണം.

RIJU TVPM

*********************************************

## ആലപ്പുഴ-ബേട്ടിപെട്ടി... ഇൻട്രോ

വിദ്യാലയങ്ങളിൽ പെൺകുട്ടികൾ നേരിടുന്ന ദുരനുഭവങ്ങൾ സംബന്ധിച്ച് പരാതി നൽകുന്നതിനായി പരാതിപ്പെട്ടി സ്ഥാപിക്കുന്ന പദ്ധതിയായ "ബേട്ടിപെട്ടി"-യ്ക്ക് ആലപ്പുഴയിൽ തുടക്കമായി.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രധിനിധി ആർ രവികുമാർ......**

(വോയ്സ്)

*********************************************

## പുസ്തകോത്സവം

കേരള നിയമസഭയുടെ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിന്റെ പ്രഖ്യാപനവും ലോഗോ പ്രകാശനവും വെബ്സൈറ്റ് ഉദ്ഘാടനവും സ്പീക്കർ എ.എൻ.ഷംസീർ ഇന്ന് നിർവഹിക്കും.ജനുവരി 7 മുതൽ 13 വരെയാണ് പുസ്തകോത്സവം.

******************************************

## വെസ്റ്റ് നൈൽ പനി

കണ്ണൂർ ജില്ലയിലെ ചെങ്ങളായി-യിൽ വെസ്റ്റ് നൈൽ പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കൊതുക് നിവാരണ പ്രവർത്തനങ്ങളും ബോധവൽക്കരണ നടപടികളും ഊർജ്ജിതമാക്കാൻ തീരുമാനം. വെസ്റ്റ് നൈൽ പനി റിപ്പോർട്ട് ചെയ്ത കുട്ടിയുടെ വീട് ജില്ലാ നിരീക്ഷണ ഓഫീസർ കെ.സി സച്ചിന്റെ നേതൃത്വത്തിലുള്ള സംഘം സന്ദർശിച്ചു. കൊതുകിന്റെ ഉറവിടങ്ങൾ കണ്ടെത്തുന്നതിനുള്ള പരിശോധന നടത്താൻ നിർദേശം നൽകിയിട്ടുണ്ട്

RNUTVPM

******************************************

## റിഥം- മന്ത്രി ആർ ബിന്ദു

സർക്കാരിൻറെ നാലാം നൂറുദിന കർമ്മ പരിപാടിയോടനുബന്ധിച്ച് സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഭിന്നശേഷിക്കാരായ യുവ കലാപ്രതിഭകളുടെ സംസ്ഥാന കലാ സംഘം - റിഥം, വകുപ്പ് മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്യും. ഇന്ന് വൈകിട്ട് ആറു മണിയ്ക്ക് തിരുവനന്തപുരം ലുലു ഇൻറർനാഷണൽ മാളിലാണ് 'റിഥ'ത്തിന് തുടക്കമാകുന്നത്. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിൻറെ ആഭിമുഖ്യത്തിലാണ് പരിപാടി.

******************************************

## ശാസ്ത്രോത്സവം-കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലാ ശാസ്ത്രോത്സവത്തിന് നാളെ തുടക്കം. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ......**

(വോയ്സ്)

*********************************************

## മഴ

സംസ്ഥാനത്ത് തെക്കൻ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

RNU TVPM

*********************************************

## ചുഴലിക്കാറ്റ്

ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട തീവ്ര ചുഴലിക്കാറ്റ് 'ദാന' ഒഡീഷ തീരത്തേക്ക് നീങ്ങുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചുഴലിക്കാറ്റ് വ്യാഴാഴ്ച രാത്രിയോടെയോ വെള്ളിയാഴ്ചയോ മണിക്കൂറിൽ 120 കിലോമീറ്റർ വേഗതയിൽ കര തൊടുമെന്നാണ് പ്രവചനം. ഒഡീഷ, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളെയാണ് കൂടുതലായി ബാധിക്കുക. തീരദേശ ജില്ലകളിൽ NDRF , കര-നാവിക സേന, കോസ്റ്റ് ഗാർഡ് എന്നിവരുടെ സംഘങ്ങളെ വിന്യസിച്ചിട്ടുണ്ട്.

*********************************************

## ഹോക്കി

ഇന്ത്യയും ജർമ്മനിയും തമ്മിലുള്ള ഹോക്കി പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും. ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 2 മണിക്കാണ് മത്സരം തുടങ്ങുന്നത്.

ഒരു ദശാബ്ദത്തിനു ശേഷം ഡൽഹിയിൽ നടക്കുന്ന അന്താരാഷ്ട്ര ഹോക്കി പരമ്പര കാണാൻ ഡിജിറ്റൽ ടിക്കറ്റിംഗ് സംവിധാനത്തിലൂടെ സൗജന്യ പ്രവേശനം ഒരുക്കിയിട്ടുണ്ട്. ഡിഡി സ്പോർട്സിലൂടെയും മത്സരം തത്സമയം കാണാം.

****************************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 27 ന്. പരിപാടിയുടെ 115-ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും myGov ഓപ്പൺ ഫോറത്തിലോ NaMo ആപ്പിലൂടെയോ പങ്കു വയ്ക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ വഴിയും ഈ മാസം 25 വരെ ആശയങ്ങളും അഭിപ്രായങ്ങളും അറിയിക്കാവുന്നതാണ്.

RNU TVPM

****************************************

## ഓഹരി , സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 197 പോയിൻറ് നേട്ടത്തിൽ 80418 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റ് 50 പോയിൻറ് നേട്ടത്തിൽ 24522 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ വർദ്ധന. പവന് 320 രൂപ വർദ്ധിച്ച് 58,720 രൂപയും ഗ്രാമിന് 40 രൂപ വർദ്ധിച്ച് 7,340 രൂപയുമാണ് ഇന്നത്തെ വില.

****************************************

## പ്രതിഷേധ മാർച്ച്-കണ്ണൂർ

കണ്ണൂർ എ ഡി എം കെ നവീൻ ബാബുവിൻ്റെ മരണവുമായി ബന്ധപ്പെട്ട് പി പി ദിവ്യ യെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട്

മഹിള കോൺഗ്രസ് കണ്ണൂർ ജില്ലാ കമ്മിറ്റി കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. സ്റ്റേഷന് മുന്നിൽ വെച്ച് പോലീസ് മാർച്ച് തടഞ്ഞു. കെ.പി.സി.സി. അംഗം ലിസി ജോസഫ് മാർച്ച് ഉദ്ഘാടനം ചെയ്തു.

**************************************

## സ്കൂൾ കായികമേള

പതിനേഴാമത് ഇടുക്കി റവന്യൂ ജില്ലാ സ്കൂൾ കായികമേളയുടെ രണ്ടാം ദിനം പിന്നിടുമ്പോൾ 284 പോയിൻ്റുമായി കട്ടപ്പന വിദ്യാഭ്യാസ ഉപജില്ല മുന്നിൽ. 28 സ്വർണവും 34 വെള്ളിയും 16 വെങ്കലവുമാണ് കട്ടപ്പന നേടിയത്. അടിമാലി ഉപജില്ലയാണ് രണ്ടാം സ്ഥാനത്ത്.

**************************************

## സഹോദയ - കലോത്സവം

സഹോദയ കണ്ണൂർ ജില്ലാ കലോത്സവം നാളെ കണ്ണൂരിലെ വിവിധ വേദികളിലായി നടക്കും. 100 സിബിഎസ്ഇ സ്കൂളുകളിൽ നിന്നായി നാലായിരത്തോളം പ്രതിഭകൾ മാറ്റുരയ്ക്കും. നാളെ രാവിലെ സീനിയർ ഹയർ സെക്കൻഡറി സ്കൂളിൽ സാഹിത്യകാരൻ പ്രമോദ് വെള്ളച്ചാൽ ഉദ്ഘാടനം ചെയ്യും. കലോത്സവം 26 ന് സമാപിക്കും.

## അന്താരാഷ്ട്ര ചലച്ചിത്രോത്സവം

55-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൻറെ ഡെലിഗേറ്റ് രജിസ്ട്രേഷൻ ആരംഭിച്ചു. അടുത്തമാസം 20 മുതൽ 28 വരെ ഗോവയിലെ പനാജിയിലാണ് മേള. my.iffigoa.org എന്ന വെബ്സൈറ്റിൽ പ്രതിനിധികൾക്കായുള്ള രജിസ്ട്രേഷൻ, മേള അവസാനിക്കുന്നത് വരെ തുടരും.

********************************************************************************************
*********************

RNU TVPM